ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.03.2024**

## പ്രധാനവാർത്തകൾ

1. 2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പ്രഖ്യാപിക്കും.

2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പത്തനംതിട്ടയിൽ എൻഡിഎ പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്തു. ലോക്സഭാ തെരഞ്ഞെടുപ്പിൽ എൻ.ഡി.എ സംസ്ഥാനത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്ന് പ്രധാനമന്ത്രി.

3. പൗരത്വ ഭേദഗതി നിയമം ഇന്ത്യയുടെ ആഭ്യന്തര കാര്യമാണെന്ന് വ്യക്തമാക്കി വിദേശകാര്യമന്ത്രാലയം.

4. സാമൂഹ്യസുരക്ഷാ പെൻഷൻ രണ്ടു ഗഡുകൂടി വിഷുവിന് മുമ്പ് വിതരണം ചെയ്യുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ

5. സംസ്ഥാനത്ത് മാനസികാരോഗ്യ അവലോകന ബോർഡ് പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ തീരുമാനിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്

RAJU TVPM

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ - മുംബൈ ഇന്ത്യൻസ് പോരാട്ടം.

***********************************

## ലോക്സഭാ തെരഞ്ഞെടുപ്പ്

2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പ്രഖ്യാപിക്കും. ന്യൂഡൽഹിയിൽ വൈകുന്നേരം 3 മണിക്കാണ് പ്രഖ്യാപനം. ഇതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പ്രത്യേക വാർത്താ സമ്മേളനം വിളിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പു തീയതികളും നാളെ പ്രഖ്യാപിക്കും. തെരഞ്ഞെടുപ്പ് പ്രഖ്യാപനം കഴിയുന്നതോടെ നാളെ മുതൽ രാജ്യവ്യാപകമായി മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വരും.

RNU TVPM

***********************************

## പ്രധാനമന്ത്രി- പത്തനംതിട്ട

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പത്തനംതിട്ടയിൽ എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്തു.കേരളത്തിൽ മാറി മാറി അധികാരത്തിൽ വരുന്ന എൽഡിഎഫ്, യുഡിഎഫ് സർക്കാരുകൾക്കെതിരെ രൂക്ഷവിമർശനമാണ് പ്രധാനമന്ത്രി ഉന്നയിച്ചത്. കേരളത്തിൽ ബിജെപി സഖ്യം ഇത്തവണ രണ്ടക്ക സീറ്റ് നേടുമെന്നു പറഞ്ഞ പ്രധാനമന്ത്രി ലോക്സഭാ തെരഞ്ഞെടുപ്പിൽ എൻ.ഡി.എ 400 സീറ്റുകളാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കി. സംസ്ഥാനത്തിൻറെ വികസനം ബിജെപി

ഉറപ്പു നൽകുമെന്ന് പറഞ്ഞ അദ്ദേഹം സ്വർണക്കടത്ത്, സോളാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തിക്കാട്ടിയാണ് സംസ്ഥാന സർക്കാരിനെയും, കോൺഗ്രസ് പാർട്ടിയെയും വിമർശിച്ചത്.ആറ്റിങ്ങൽ, പത്തനംതിട്ട, ആലപ്പുഴ, മാവേലിക്കര, മണ്ഡലങ്ങളിൽ എൻഡിഎ സ്ഥാനാർത്ഥിമാരായ വി. മുരളീധരൻ, അനിൽ ആൻറണി, ശോഭാ സുരേന്ദ്രൻ, ബൈജു കലാശാല തുടങ്ങിയവരും കെ.സുരേന്ദ്രൻ, തുഷാർ വെള്ളാപ്പള്ളി ഉൾപ്പെടെയുള്ള നേതാക്കളും പരിപാടിയിൽ പങ്കെടുത്തു. ഒരു ലക്ഷത്തോളം പാർട്ടി പ്രവർത്തകരാണ് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ നടന്ന സമ്മേളനത്തിനായി എത്തിച്ചേർന്നത്. ഈ മാസം 19 ന് പാലക്കാട് നടക്കുന്ന പ്രചാരണ പരിപാടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.

**************************************

## ക്ഷേമനിധി പെൻഷൻ-കെ എൻ ബാലഗോപാൽ

സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ രണ്ടു ഗഡുകൂടി വിഷുവിന് മുമ്പ് വിതരണം ചെയ്യാൻ തീരുമാനിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ . 3200 രുപവീതമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുക. നിലവിൽ ഒരു ഗഡു തുക വിതരണത്തിലാണ്. ബാങ്ക് അക്കൗണ്ട് നമ്പർ നൽകിയിട്ടുള്ളവർക്ക് അക്കൗണ്ടുവഴിയും, മറ്റുള്ളവർക്ക് സഹകരണ സംഘങ്ങൾ വഴി നേരിട്ടും പെൻഷൻ എത്തിക്കും.

**************************************

RNU TVPM

## മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്

സംസ്ഥാനത്ത് മാനസികാരോഗ്യ അവലോകന ബോർഡുകളുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ തീരുമാനിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ അടുത്ത മാസം ഒന്നിന് പ്രവർത്തനം ആരംഭിക്കും. മാനസിക രോഗമുള്ള വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ക്വാസി ജ്യുഡിഷൽ സംവിധാനമാണ്. മാനസികാരോഗ്യ ചികിത്സയുമായി ബന്ധപ്പെട്ട പരാതികളും, ആക്ഷേപങ്ങളും പരിഹരിക്കുകയാണ് ബോർഡിൻ്റെ ചുമതല.

**************************************

## പൗരത്വ ഭേദഗതി നിയമം എംഇഎ

RNU TVPM

പൗരത്വ ഭേദഗതി നിയമം ഇന്ത്യയുടെ ആഭ്യന്തര കാര്യമാണെന്നും രാജ്യത്തിൻ്റെ പാരമ്പര്യത്തിനും മനുഷ്യാവകാശങ്ങളോടുള്ള പ്രതിബദ്ധതയ്ക്കും അനുസൃതമാണിതെന്നും വിദേശകാര്യ മന്ത്രാലയം . പൗരത്വം നൽകുന്നതിനാണ് നിയമം നടപ്പാക്കുന്നതെന്നും, പൗരത്വം എടുത്തുകളയുകയല്ല ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യൻ ഭരണഘടന രാജ്യത്തെ എല്ലാ പൗരന്മാർക്കും മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നതായി ചൂണ്ടിക്കാട്ടിയ അദ്ദേഹം പൗരത്വ ഭേദഗതി നിയമം സംബന്ധിച്ച് അമേരിക്ക നടത്തിയ അഭിപ്രായ പ്രകടനം അനുചിതമാണെന്നും പ്രതികരിച്ചു.

**************************************

## തെരഞ്ഞെടുപ്പ് മാർഗനിർദ്ദേശങ്ങൾ

ലോകസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് ആയി നടത്തുന്നതിന്റെ ഭാഗമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വിവിധ സ്ഥാനാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, തുടങ്ങിയവ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക്, പി.വി.സി മുതലായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്ന് മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നു. നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം കണ്ടെത്തിയാൽ അനുയോജ്യ നിയമ നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ആരംഭിക്കണമെന്നും നിർദ്ദേശമുണ്ട്.

***********************************

## പൗരത്വ ഭേദഗതി – മുഖ്യമന്ത്രി

പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വം ഔദ്യോഗികമായി ഇതുവരെ പ്രതികരിക്കാത്തതിനെ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ . പാർലമെൻറിൽ പൗരത്വ ഭേദഗതി ബില്ലിനെതിരെ നിലപാട് വ്യക്തമാക്കാത്തതിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയ്ക്കെതിരെയും മുഖ്യമന്ത്രി വിമർശനം ഉന്നയിച്ചു. കേരളത്തിൽ പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടത്തിയ സമരങ്ങളിൽ നിന്നും

RNU TVPM

കോൺഗ്രസ്സ് ഏകപക്ഷീയമായി പിന്മാറിയത് സമരത്തിന്റെ കരുത്ത് കുറയ്ക്കാനായിരുന്നുവെന്നും അദ്ദേഹം വിമർശിച്ചു.

************************************

## എം എം ഹസൻ

പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ കേസുകൾ പിൻവലിച്ചതുപോലെ കേരളത്തിലും കേസുകളും പിൻവലിക്കണമെന്ന് കെപിസിസി ആക്ടിംഗ് പ്രസിഡന്റ് എംഎം ഹസൻ. കേരളത്തിൽ 835 കേസുകളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത് . പൗരത്വനിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിൽ നല്കിയ കേസ് നിലനിൽക്കില്ലെന്നും അദ്ദേഹം വിമർശിച്ചു.

************************************

## കേരള സർവകലാശാല യുവജനോത്സവം ക്രമക്കേട്

കേരള സർവകലാശാല യുവജനോത്സവത്തിലെ ക്രമക്കേട് അന്വേഷിക്കാൻ നാലംഗ സിൻഡിക്കേറ്റ് സമിതിയെ ചുമതലപ്പെടുത്തി. സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശം നൽകിയിരിക്കുന്നത്. യുവജനോത്സവം പുനരാരംഭിക്കുന്നത് സംബന്ധിച്ച് സമിതിയുടെ റിപ്പോർട്ടിന് ശേഷം തീരുമാനമെടുക്കും. സർവകലാശാലാ യൂണിയന്റെ കാലാവധി നീട്ടുന്ന കാര്യവും സമിതി പരിശോധിക്കും.

************************************

## എം ജി സർവകലാശാല - നാക് എ++ ഗ്രേഡ്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ

PNU TVPM

കൗൺസിലിൻറെ  എ++ ഗ്രേഡ് ലഭിച്ചു. നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ 3.61 ഗ്രേഡ് പോയിൻറ് നേടിയാണ് എം.ജി സർവകലാശാല രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിൻറെ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടിയത്. നാലാം സൈക്കിളിൽ എ++ ഗ്രേഡ് ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയാണ് എം.ജി. ഈ മാസം 14 മുതൽ അഞ്ചു വർഷമാണ് ഗ്രേഡിൻറെ കാലാവധി.

*************************************

## ഭക്ഷ്യ സുരക്ഷാ -വീണാ ജോർജ്

സംസ്ഥാന വ്യാപകമായി ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ്  പരിശോധന നടത്തി.  43 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 502 വ്യാപാര കേന്ദ്രങ്ങളിലാണ് പരിശോധന നടന്നതെന്ന്  മന്ത്രി വീണാ ജോർജ് അറിയിച്ചു. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 54 സ്ഥാപനങ്ങളിലെ ഷവർമ്മയുടെ നിർമ്മാണവും വിൽപനയും നിർത്തിവയ്പ്പിച്ചതായും മന്ത്രി പറഞ്ഞു.

RIJUTVPM

*************************************

## റബ്ബർ ബോർഡ് -ഇൻസെന്റീവ്

കയറ്റുമതിക്കാർക്ക് റബ്ബർ കിലോയ്ക്ക് 5 രൂപ ഇൻസെന്റീവ് പ്രഖ്യാപിച്ച് റബ്ബർ ബോർഡ്.  റബ്ബർ കയറ്റുമതി വഴി  രാജ്യത്തിലെ   അഭ്യന്തര വിപണിയിൽ ഉണ്ടാകുന്ന വിലവർധന  കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയാണ് നടപടി.

*************************************

## സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് അപേക്ഷിക്കാം

ഹയർ സെക്കൻഡറി, നോൺ വൊക്കേഷണൽ ഹയർസെക്കൻഡറി അധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണയ പരീക്ഷയായ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിനായി നാളെ മുതൽ അടുത്ത മാസം 15 വരെ അപേക്ഷിക്കാം. 2024 ജൂലൈ ൽ നടത്താൻ ഉദ്ദേശിക്കുന്ന യോഗ്യതാ പരീക്ഷയുടെ പ്രോസ്പെക്ടസും, സിലബസും www.lbscentre.kerala.gov.in ൽ ലഭിക്കും.

**************************************

## ഹ്രസ്വചിത്രമേള

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ നടത്തുന്ന പതിനാറാമതു രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേളയിലേക്ക് എൻട്രികൾ ക്ഷണിച്ചു. ഈ മാസം 22 മുതൽ മെയ് 6 വരെ www.idsffk.in എന്ന വെബ്സൈറ്റ് മുഖേന എൻട്രികൾ സമർപ്പിക്കാം.

2023 മെയ് ഒന്നിനും 2024 ഏപ്രിൽ 30നുമിടയിൽ ചിത്രീകരണം പൂർത്തിയാക്കിയ ചിത്രങ്ങളാണ് അയയ്ക്കേണ്ടത്.

**************************************

RIUTVPM

## വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് പ്ലേ ഓഫിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ - മുംബൈ

ഇന്ത്യൻസ് പോരാട്ടം. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി

സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം. ജയിക്കുന്ന ടീം ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

**************************************

****************************

*********

RNU TVPM